II ഇ.ബി. XII- കേരള നിയമസഭ/XV-7

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ജൂലൈ 07, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

23 (*181 & *209) **ജനമൈത്രി പദ്ധതി**

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഒന്നാംഘട്ടം തൃപ്തികരമായാണ് നടന്നുവരുന്നതെന്നും പൊതുജനങ്ങളുടെ സഹകരണവും പദ്ധതിയുടെ ഒന്നാംഘട്ട നടത്തിപ്പിലെ വിജയവും കണക്കിലെടുത്ത് 2009 ഓഗസ്റ്റ് മാസം മുതൽ രണ്ടാം ഘട്ടമായി 23 സ്റ്റേഷനുകളിൽകൂടി പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ടെന്നും ജനമൈത്രി സുരക്ഷാ പദ്ധതിയിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി അതത് പ്രദേശങ്ങളിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന യുവജന സംഘടനകൾ, മാതൃകാപരമായി പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾ, കലാ-സാംസ്ക്കാരിക സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തി

ക്കൊണ്ട് ജനമൈത്രി യുവകേന്ദ്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന വിവിധ പരിപാടികളിലും സമിതി യോഗങ്ങളിലും യുവാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അവരിൽ കുറ്റവാസന ഒഴിവാക്കുവാനും പൗരബോധം വളർത്തുവാനും അവരുടെ ഊർജ്ജം സമൂഹ നന്മയ്ക്കായി ഉപയോഗപ്പെടുത്തുവാനും ഉദ്ദേശിച്ചുകൊണ്ട് സ്ഥാപിച്ചിട്ടുള്ള ജനമൈത്രി യുവകേന്ദ്രയുമായി ബന്ധപ്പെടുത്തി എൻ.എസ്.എസ്., എൻ.സി.സി., നെഹ്റു യുവകേന്ദ്ര, റെഡ്ക്രോസ് തുടങ്ങിയ സംഘടനകൾ പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോളേജുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുക, കോളേജ് വിദ്യാർത്ഥികൾക്കായി കോളേജ് തലത്തിലും ഇന്റർ കോളേജിയറ്റ് തലത്തിലും വിവിധ കലാ-സാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കുകയും അതിൽ കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ചുള്ള ഡിബേറ്റുകൾ, ചർച്ചകൾ എന്നിവ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കുക, കരാട്ടെ, തായ്കോണ്ട, കളരി, തുടങ്ങിയ ആയോധനകലകൾ, സാംസ്ക്കാരിക പ്രവർത്തകരുടെ സഹായത്തോടെയുള്ള നാടകം, ചൊൽക്കാഴ്ച, കാവ്യസന്ധ്യ തുടങ്ങിയവ സംഘടിപ്പിക്കുക, അതത് പ്രദേശങ്ങളിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന യുവജന സംഘടനകൾ, മാതൃകാപരമായി പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾ, കലാ-സാംസ്ക്കാരിക സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടോ അല്ലാതെയോ വിവിധ കലാ-സാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കുക എന്നിവ ജനമൈത്രി യുവകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കാവുന്നതാണ്. ഈ പരിപാടികളിലും കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കാനുതകുന്ന

പരിപാടികൾ ഉൾക്കൊള്ളിക്കുക, തെരഞ്ഞെടുക്കപ്പെടുന്ന മത്സരവിജയികൾക്ക് പ്രോത്സാഹവനമായി സമ്മാന തുകകൾ, ട്രോഫികൾ എന്നിവ നൽകുക, നല്ല സ്പോർട്ട്സ് ടീമുകളെ വളർത്തിയെടുക്കുക, 'ഭീകരതയ്ക്കെതിരെ യുവശക്തി', 'മദ്യത്തിനും മയക്കുമരുന്നിനുമെതിരെ യുവശക്തി' തുടങ്ങിയ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുക, സാമൂഹ്യ വിരുദ്ധശക്തികൾക്കെതിരെ യുവാക്കളെ സംഘടിപ്പിക്കുക മുതലായവയാണ് യുവകേന്ദ്രത്തിന്റെ പ്രവർത്തനംവഴി ചെയ്യുവാൻ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളത്. സമൂഹത്തിലുണ്ടാകുന്ന വിവിധതരം തട്ടിപ്പുകളിൽ നിന്നും യുവാക്കളെ മോചിപ്പിക്കുന്നതിനും സൈബർ സ്പേസിന്റെ ചതിക്കുഴികളെ സംബന്ധിച്ച് അവരിൽ ബോധവൽക്കരണം നടത്തുന്നതിനുള്ള പദ്ധതികളും നിയമവിദ്യാർത്ഥികളേയും നിയമജ്ഞരേയും സംഘടിപ്പിച്ചുകൊണ്ട് യുവാക്കളിൽ നിയമബോധമുണ്ടാക്കാനുള്ള പദ്ധതികളും യുവകേന്ദ്രയുടെ ഭാഗമായി നടപ്പാക്കാവുന്നതാണ്. ജനമൈത്രി പദ്ധതി നടപ്പിലാക്കിയ എല്ലാ സ്ഥലങ്ങളിലും ജനമൈത്രി യുവകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും പെരിന്തൽമണ്ണ, ചേർത്തല, കോഴിക്കോട്, (തിരുവനന്തപുരം) പേട്ട, ആലപ്പുഴ നോർത്ത്, തൊടുപുഴ, ഫോർട്ട് കൊച്ചി, തൃശ്ശൂർ ഈസ്റ്റ്, തൃശ്ശൂർ വെസ്റ്റ്, കെ.എ.പി. 4-ാം ബറ്റാലിയൻ, സൗത്ത് പോലീസ് സ്റ്റേഷൻ പാലക്കാട് എന്നിങ്ങനെ 11 കേന്ദ്രങ്ങളിലാണ് ജനമൈത്രി യുവകേന്ദ്ര ആരംഭിച്ചിട്ടുള്ളതെന്നും വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് ഹയർസെക്കണ്ടറി തലത്തിലും കോളേജ് തലത്തിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ 100 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും അമ്പലപ്പുഴയിലും എറണാകുളം റൂറലിലും കോഴിക്കോട്ടും ഇത് വളരെ വിജയകരമായി നടപ്പാക്കിയിട്ടു

ണ്ടെന്നും കൂടുതൽ വിദ്യാർത്ഥികളെ ഇതിൽ പങ്കാളികളാക്കാൻ ശ്രമിക്കുന്നുണ്ടെന്നും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം അവരുടെ പ്രവർത്തനം പരിശോധിച്ചശേഷം തീരുമാനിക്കാവുന്നതാണെന്നും മന്ത്രി അറിയിച്ചു. 2009-10-ൽ 10 ജനമൈത്രി കേന്ദ്രങ്ങൾക്കായി 16 ലക്ഷം രൂപയും 2010-11-ൽ 25 ലക്ഷം രൂപയും പ്ലാൻ സ്കീമിൽ വകയിരുത്തിയിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കിയ സ്ഥലങ്ങളിൽ കുറ്റകൃത്യങ്ങളിൽ താരതമ്യേന കുറവ് വന്നിട്ടുണ്ടെന്നും ജനമൈത്രി പദ്ധതിയെപ്പറ്റി പോലീസ് സേനയിൽ അവബോധമുണ്ടാക്കുന്നതിന്റെ ഭാഗമായി പുതിയതായി റിക്രൂട്ട് ചെയ്യപ്പെടുന്ന പോലീസുകാർക്ക് നൽകുന്ന ട്രെയിനിംഗിൽ കമ്മ്യൂണിറ്റി പോലീസിംഗ് ഒരു പ്രത്യേക വിഷയമായി ഉൾപ്പെടുത്തുന്നതാണെന്നും ഇപ്പോൾ 43 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനമൈത്രി പോലീസ് സംവിധാനം പോലീസിന്റെ അംഗസംഖ്യകൂടി കണക്കിലെടുത്തുകൊണ്ട് 2010-ൽ 100 പോലീസ് സ്റ്റേഷനുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്ന സന്ദർഭത്തിൽ ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ജനമൈത്രി പോലീസ് സ്റ്റേഷൻ എന്ന നിലയിൽ നടപ്പാക്കുന്നതാണെന്നും ജനമൈത്രി പദ്ധതിയുടെ ഭാഗമായി ബീറ്റ് ഓഫീസർമാരായി പ്രവർത്തിക്കുന്ന പോലീസുകാർക്ക് പ്രത്യേക പരിശീലനം കൊടുക്കുന്നതാണെന്നും ജനമൈത്രി സുരക്ഷാ കേന്ദ്രങ്ങളുടെ നടത്തിപ്പിന് പ്രത്യേക പ്രാവീണ്യമുള്ള പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കമ്മ്യൂണിറ്റി പോലീസിംഗ് സമ്പ്രദായം ദേശീയതലത്തിൽ അംഗീകരിക്കപ്പെടുകയും പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 20 കോടി രൂപ കമ്മ്യൂണിറ്റി പോലീസിംഗിനുവേണ്ടി അനുവദിക്കണമെന്ന് ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുകയും ചെയ്തു. കമ്മ്യൂണിറ്റി

പോലീസിംഗിന്റെ ഭാഗമായി മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന പോലീസുകാർക്ക് സേവനത്തിൽ അംഗീകാരം നൽകുന്ന സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ടെന്നും ഇവർക്ക് പ്രത്യേക സമ്മാനങ്ങൾ നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും ജനമൈത്രി പദ്ധതി നല്ല രീതിയിൽ നടപ്പാക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക സഹായങ്ങൾ നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കാനാണ് ശ്രമിക്കുന്നതെന്നും പോലീസും ജനങ്ങളും തമ്മിലുള്ള ശത്രുത മാറ്റി പോലീസുമായി ജനങ്ങൾ സഹകരിക്കുന്ന ഒരു സമ്പ്രദായം കൊണ്ടുവരാനാണ് ജനമൈത്രി പോലീസ് സംവിധാനംകൊണ്ട് ഉദ്ദേശിക്കുന്നതെന്നും മന്ത്രി അറിയിച്ചു. പോലീസുകാരുടെ നിലവിലുള്ള എല്ലാ ഒഴിവുകളും നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പി.എസ്.സി. റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ 2400 പേർക്ക് ഒന്നാമത്തെ ബാച്ചായും 2739 പേർക്ക് രണ്ടാമത്തെ ബാച്ചായും പരിശീലനം നൽകിത്തുടങ്ങിയെന്നും ബാക്കിയുള്ളവരുടെ പരിശീലനംകൂടി പൂർത്തിയാക്കിയശേഷം നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി ആളുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും പോലീസ് സേനയിലെ ക്രിമിനലുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ടെന്നും ചെങ്ങന്നൂരിലും മൂവാറ്റുപുഴയിലും ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

24 (*182) <u>പദ്ധതി പ്രവർത്തനങ്ങൾ വർഷാദ്യം ആരംഭിക്കാൻ നടപടി</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): നൽകിയ മറുപടിയിൽ, പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്

പദ്ധതികൾ മുൻകൂട്ടി സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും 2009-10 ഓഗസ്റ്റ് മാസത്തിൽ 636 തദ്ദേശസ്ഥാപന ങ്ങളുടെ പദ്ധതികൾക്കും ഇക്കൊല്ലം ജൂൺ അവസാനിക്കുന്നതിനുമുമ്പ് 1663 പഞ്ചായത്തുകളുടെ പദ്ധതികൾക്കും അംഗീകാരം കിട്ടിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുകളിലെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷത്തിന്റെ ആദ്യം മുതൽ ആരംഭിക്കണ മെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 33 തദ്ദേശസ്ഥാപനങ്ങൾ മാർച്ച് 31-നുമുമ്പ് വാർഷിക പദ്ധതിക്ക് ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതി കളുടെ അനുമതി നേടുകയും 1174 തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2010 ജൂലൈ 3 വരെ 49 തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഇനി പദ്ധതി സമർപ്പിക്കാനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തേണ്ട വർഷം പദ്ധതി സമർപ്പണ ത്തിലെ കാലതാമസവും കൂടിയാകുമ്പോൾ ഈ സ്ഥാപനങ്ങളിലെ നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം അവതാളത്തിലാകുമെന്ന വസ്തുത സർക്കാർ ഗൗരവപൂർവ്വം കാണുകയും ഈ പ്രതിസന്ധി മറികട ക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ എന്നിവർ ചേർന്ന് എല്ലാ ജില്ലകളിലും അവലോകന യോഗം നടത്തുകയുമുണ്ടായിയെന്നും നടപ്പുവർഷം മരാമത്ത് പ്രവൃത്തിക ളോടൊപ്പം എസ്റ്റിമേറ്റുകളും സമർപ്പിച്ചിട്ടുള്ളതുകൊണ്ട് എളുപ്പത്തിൽ സാങ്കേ തികാനുമതി ലഭ്യമാക്കാൻ കഴിയുമെന്നും വാർഷിക പദ്ധതിക്ക് അംഗീകാരം നേടിയ ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളിലും ഗുണഭോക്താക്കളെ തെരഞ്ഞെടു ക്കുവാൻ ഗ്രാമ പഞ്ചായത്തുകൾ/വാർഡ് സഭകൾ കൂടുന്നതിനുള്ള ക്രമീകര ണങ്ങളായിട്ടുണ്ടെന്നും എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നട

പടി സ്വീകരിച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണം കൃത്യമായി അവലോകനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി സഭയെ അറിയിച്ചു. ഇ. എം.എസ്. ഭവന പദ്ധതിയും മറ്റ് ഭവന പദ്ധതികളും തർക്കങ്ങൾ പരിഹരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്ത നങ്ങൾ തടസ്സപ്പെടുത്തുന്ന രീതിയിൽ പരസ്പരവിരുദ്ധമായ ഉത്തരവുക ളൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്നും ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധ പ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് വളരെ അത്യാവശ്യമായ 7 ഉത്തരവു കൾ മാത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും അവസാന ഘട്ടത്തിൽ പദ്ധതി വിഹിതം ചെലവഴിക്കുന്നത് ക്രമീകരിച്ചുകൊണ്ടുവരുന്നതിന് പരമാവധി ശ്രമി ക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള പണം ചെലവഴിക്കുന്നതിനുള്ള സൗകര്യം ചെയ്യുകയല്ലാതെ ഒരു പൈസയും തിരിച്ചുപിടിച്ചിട്ടില്ലെന്നും പദ്ധതി നിർവ്വഹണ ഘട്ടത്തിൽ അതിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന രീതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്നത് ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്നും പ്രൊമോഷ നുമായി ബന്ധപ്പെട്ടോ അവിശ്വാസപ്രമേയം പാസ്സാകുമ്പോഴോ മാത്രമാണ് സ്ഥലംമാറ്റുന്നതെന്നും സ്കൂളുകളിൽ ടോയ്‌ലറ്റ് സംവിധാനം ഏർപ്പെടുത്തു ന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

### 25 (*183) **പോലീസിൽ വനിതാ ബറ്റാലിയൻ**

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റലി ജൻസ്) തലവനും തിരുവനന്തപുരം റേഞ്ച് പോലീസ് ഇൻസ്പെക്ടർ

ജനറൽ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി സംസ്ഥാനത്ത് പോലീസിൽ വനിതാ ബറ്റാലിയൻ രൂപീകരിക്കുന്നതു സംബന്ധിച്ച് ചർച്ചകൾ നടത്തിവരികയാണെന്ന് സഭയെ അറിയിച്ചു. 25-05-2009-ലെ ഉത്തരവ് പ്രകാരം വനിതകളെയും നേരിട്ട് പോലീസ് സബ് ഇൻസ്പെക്ടർമാരായി (ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച്) പുരുഷൻമാർക്കൊപ്പം പൊതു തെരഞ്ഞെടുപ്പിലൂടെ നിയമിക്കാൻ തീരുമാനിക്കുകയും ശാരീരിക യോഗ്യതകളിലും കായിക ക്ഷമതാ പരീക്ഷകളിലും ഇവർക്ക് പ്രത്യേക മാനദണ്ഡം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പുരുഷ-വനിതാ ഉദ്യോഗാർത്ഥികൾക്ക് പൊതുവായി എഴുത്തുപരീക്ഷയും കായിക ക്ഷമതാ പരീക്ഷയും അഭിമുഖവും നടത്തി തയ്യാറാക്കുന്ന റാങ്കുലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുക. നിലവിൽ ലോക്കൽ പോലീസിന്റെയും ജില്ലാ ആംഡ് റിസർവ്വിന്റേയും അംഗസംഖ്യയുടെ 8.62% വനിതാ പോലീസുകാരാണുള്ളത്. മൊത്തം പോലീസിന്റെ അംഗസംഖ്യ നോക്കുമ്പോൾ 10 ശതമാനം വനിതകളില്ലാത്തതുകൊണ്ടാണ് വനിതാ പോലീസ് ബറ്റാലിയൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും മൂന്ന് വർഷമെങ്കിലും സർവ്വീസ് പൂർത്തിയാക്കിയ വിവാഹിതരായ വനിതാ പോലീസുകാർക്ക് അവർ ആഗ്രഹിക്കുന്ന ജില്ലയിലേയ്ക്ക് ട്രാൻസ്ഫർ നൽകുന്നതിനും സീനിയോറിറ്റി മറികടന്ന് ട്രാൻസ്ഫർ വാങ്ങി തങ്ങൾ ആഗ്രഹിക്കുന്ന സ്ഥലത്ത് ജോലിചെയ്യുന്നവരുണ്ടെങ്കിൽ സീനിയോറിറ്റി പ്രകാരം അത് ക്രമീകരിച്ചുകൊടുക്കുന്നതിനും ഓരോ ജില്ലയിലേയും വനിതാ പോലീസിന്റെ എണ്ണം ആ ജില്ലയിൽ സേവനമനുഷ്ഠിക്കാൻ ആഗ്രഹിക്കുന്ന വനിതാ പോലീസുകാരുടെ എണ്ണംകൂടി ഒരു ഘടകമായി പരിഗണിച്ച് പുനഃക്രമീകരിക്കുന്നതിനും ഡി.ജി.പി.യുമായി ചർച്ച ചെയ്ത് വ്യക്തമായ ഒരു

ഫോർമുല തയ്യാറാക്കിയിട്ടുണ്ടെന്നും 1991-ൽ നിയമിതരായ പ്രൊമോഷൻ ലഭിക്കാതെ ഇപ്പോഴും കോൺസ്റ്റബിൾമാരായി തുടരുന്നവർക്കുകൂടി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വനിതാ പോലീസിനെ കൂടുതൽ കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വനിതാ പോലീസുകാർക്ക് വേണ്ടത്ര പരിശീലനം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1732 മുതൽ 2005 വരെയുള്ള ചോദ്യങ്ങളിൽ 118 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)